**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2486** **21-01-2021 - ൽ മറുപടിയ്ക്ക്**

**ജാഗരൺ ഭാരത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **Shri E. P. Jayarajan**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി)** | |
| (എ) | കേരള സംസ്ഥാന യുവജന ക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ ജാഗരൺ ഭാരത് എന്ന പേരിൽ ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വർഷങ്ങളിൽ; ഓരോ ക്യാമ്പിനും എത്ര രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളത്; അറിയിക്കുമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ജാഗരൺ ഭാരത് എന്ന പേരിൽ ദേശിയോദ്ഗ്രഥന ക്യാമ്പ് 2012, 2013, 2014, 2015 വർഷങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. 2012 ലെ ക്യാമ്പിൽ 8,77,227/-രൂപയും (എട്ടു ലക്ഷത്തി എഴുപത്തി ഏഴായിരത്തി ഇരുനൂറ്റി ഇരുപത്തി ഏഴ് രൂപ മാത്രം) 2013 ൽ 26,40,173/-രൂപയും (ഇരുപത്തി ആറ് ലക്ഷത്തി നാൽപ്പതിനായിരത്തി ഒരുനൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) 2014- ൽ 38,00,000/-രൂപയും (മുപ്പത്തി എട്ട് ലക്ഷം രൂപ മാത്രം) 2015-ൽ 30,00,000/-രൂപയും (മുപ്പത് ലക്ഷം രൂപ മാത്രം) വീതമാണ് ചെലവഴിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത ക്യാമ്പിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (ബി) | നമ്മുടെ രാജ്യത്തെ വിവിധ ആചാരങ്ങളേയും ജീവിതരീതികളേയും സംസ്കാരത്തെയും കുറിച്ച് പരസ്പരം മനസ്സിലാക്കുക, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഒരുമിച്ച് പ്രവർത്തിക്കുക, അതുവഴി വൈവിധ്യത്തിനുള്ളിലെ ഏകത്വം മനസ്സിലാക്കുക, വിവിധ സംസ്ഥാനങ്ങളിലെ തനതുകലാരൂപങ്ങളെക്കുറിച്ച് അടുത്തറിയുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ദേശിയോദ് ഗ്രഥനത്തിലൂന്നിയ കലാ-സാംസ്കാരിക സമന്വയമാണ് ജാഗരൺ ഭാരത് കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | വരും വർഷങ്ങളിലും ഇതുപോലെയുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | (സി) | 2020-21 വർഷം ജാഗരൺ ഭാരത് എന്ന പേരിൽ ക്യാമ്പ് സംഘടിപ്പിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ